**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2312** **12-10-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി കേന്ദ്രീയവിദ്യാലയത്തിന് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാറിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ട പദ്ധതിയായ തലശ്ശേരി കേന്ദ്രീയ വിദ്യാലയവും അനുബന്ധ കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിലുള്ള (ഫയൽ നമ്പർ - 1852403) ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | തലശ്ശേരി കേന്ദ്രീയ വിദ്യാലയവും അനുബന്ധ കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച ഭരണ വകുപ്പിന്റെ 1852403 നമ്പർ ഫയൽ ധന വകുപ്പ് A2/18/2016/Fin നമ്പർ ഫയലിൽ പരിശോധിച്ചിരുന്നു. ഭരണ വകുപ്പ് സമർപ്പിച്ചിരുന്ന ഭരണാനുമതി ഉത്തരവിൽ നിലവിൽ ഏതു ശീർഷകത്തിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. മാത്രവുമല്ല നിലവിലെ ഭരണാനുമതി 2016 ൽ പുറപ്പെടുവിച്ചതാണ്. അതിനാൽ ഇപ്പോൾ ആവശ്യമായിട്ടുള്ള തുകയെത്ര, ഏതു ശീർഷകത്തിലാണ് ആവശ്യമായിട്ടുള്ളത്, ടി ശീർഷകത്തിലെ നടപ്പ് സാമ്പത്തിക വർഷത്തിലെ നീക്കിയിരിപ്പെത്ര, ധന പുനർവിനിയോഗത്തിന്റെ സാധ്യത (ഉണ്ടെങ്കിൽ നിശ്ചിത പ്രൊഫോർമയിൽ) എന്നീ വിശദാംശങ്ങൾ സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടുകൊണ്ട് 06.10.2021 തീയതിയിൽ 1852403 നമ്പർ ഫയൽ ഭരണ വകുപ്പിന് മടക്കി നല്കിയിട്ടുണ്ട്. |
| (ബി) | തലശ്ശേരി കേന്ദ്രീയ വിദ്യാലയത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് അധിക തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | മേൽ വിവരങ്ങൾ ലഭ്യമായാലുടനെ തന്നെ തലശ്ശേരി കേന്ദ്രീയ വിദ്യാലയത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ